## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3152 — 19/06/2018-ൽ മറുപടിയ്ക്ക്

## ഭവന നിർമ്മാണ പദ്ധതികൾ വഴി ധനസഹായം ലഭിച്ചിട്ടുള്ളവർ

| ചോദ്യം<br>ശ്രീ. പി.ബി.അബ്ദുൽ റസ്സാക്ക് | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ലൈഫ് ഭവന പദ്ധതിയിലേക്ക് സംസ്ഥാനത്ത് അപേക്ഷ സമർപ്പിച്ച ഭൂരഹിത ഭവനരഹിതർ എത്രയെന്നും ഭൂമിയുള്ള ഭവന രഹിതർ എത്രയെന്നും വ്യക്തമാക്കാമോ; | (എ) | ലൈഫ് പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചിട്ടില്ല നേരിട്ട് വിവരശേഖരണം നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇതിൽ 260557 പേർ ഭൂമിയുള്ള ഭവന രഹിതരാണ്. സ്വന്തമായി ഭൂമിയില്ലാത്തവർ 334250 പേരാണ്. |
| (ബി) | ഈ പദ്ധതിയിൽ മാനദണ്ഡ പ്രകാരം തെരഞ്ഞെടുത്തവരുടെ എണ്ണം എത്ര; എഗ്രിമെന്റ് ചെയ്തവരുടെ എണ്ണം, പണി പൂർത്തിയാക്കിയവരുടെ എണ്ണം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതിയിൽ, 5,94,807 ഗുണഭോക്താക്കളെയാണ് സർവ്വെ പ്രകാരം കണ്ടെത്തിയത്. ഇവരിൽ, നാളിതുവരെ (എം.ഐ.എസ്.പ്രകാരം) നഗരപ്രദേശങ്ങളിൽ 31484 പേരും ഗ്രാമപ്രദേശങ്ങളിൽ 7181 പേരുമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇതിൽ വീട്ട പണിപൂർത്തിയാക്കിയവർ യഥാക്രമം 3434 പേരും 8 പേരുമാണ്. |
| (സി) | 2011 മുതൽ 2016 വരെ കാലയളവിൽ സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് വീട് നിർമ്മാണത്തിനായി ധനസഹായം ലഭിച്ചവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

(ഡി) പ്രസ്തുത കാലയളവിൽ ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(ഡി) 2011-12 മുതൽ 2015-16 വരെ കാലയളവിൽ ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | വർഷം | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | 2011 - 12 | 67130 |
| 2 | 2012 - 13 | 55401 |
| 3 | 2013 - 14 | 44031 |
| 4 | 2014 - 15 | 51261 |
| 5 | 2015 - 16 | 56057 |
| **ആകെ** | | **2,73,880** |

സെക്ഷൻ ഓഫീസർ